കലക്ട്രേറ്റ് , മലപ്പുറം.
തീയതി:04/03/2020

19/02/2020 തീയ്യതിയിൽ 11.00 മണിയ്ക്ക് മലപ്പുറം ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന ജില്ല റോഡ് സുരക്ഷാ കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് .

യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു:-

| ക്രമ നം. | പേര് | തസ്തിക , ഓഫീസ് |
|---|---|---|
| 1. | ശ്രീ. ജാഫർ മലിക് | ചെയർമാൻ, ജില്ലാ റോഡ് സുരക്ഷ കൗൺസിൽ & ജില്ലാ കളക്ടർ, മലപ്പുറം |
| 2. | ശ്രീ. അനൂപ് വർക്കി | കൺവീനർ, ജില്ലാ റോഡ് സുരക്ഷ കൗൺസിൽ ആർ.ടി.ഒ . മലപ്പുറം |
| 3. | ശ്രീ. ടി.ജി.ഗോകുൽ | ആർ.ടി.ഒ. എൻഫോഴ്സ്മെൻറ്, മലപ്പുറം |
| 4. | ശ്രീ.അഡ്വ:ശങ്കരനാരായണൻ | മെമ്പർ, ജില്ലാ റോഡ് സുരക്ഷ കൗൺസിൽ & ഡി.വൈ.എസ്.പി. (റിട്ട.) |
| 5. | ശ്രീ. ഷമീർ ബാബു.കെ | അസി.എഞ്ചിനീയർ,റോഡ്സ്, മലപ്പുറം |
| 6. | ശ്രീ. സംഗീത് | ജില്ലാ പോലീസ് അധികാരിയുടെ പ്രതിനിധി |
| 7 | ശ്രീ. പ്രദീപ്.ടി. | ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ എക്സി : എഞ്ചിനീയറുടെ പ്രതിനിധി. |

യോഗത്തിൽ പങ്കെടുത്ത വ്യക്തികൾക്ക് സ്വാഗതം ആശംസിച്ച കൊണ്ട് ബഹു. ജില്ലാ കളക്ടറും മലപ്പുറം ജില്ല റോഡ് സുരക്ഷ കൗൺസിലിൻറെ ചെയർമാനുമായ ശ്രീ. ജാഫർ മലിക് ഐ.എ.എസ് മീറ്റിംഗ് ആരംഭിച്ചു.യോഗത്തിന്റെ ആമുഖമായി ജില്ലാ റോഡ് സുരക്ഷ കൗൺസിൽ യോഗം ഇനി മുതൽ എല്ലാ മാസവും നിർബന്ധമായി ചേരണമെന്ന് അറിയിച്ചുകൊണ്ട് അജണ്ടയിലെ വിഷയങ്ങൾ ചർച്ചക്കെടുത്തു.

**<u>1.ദേശീയ റോഡ് സുരക്ഷ വാരാചരണം, മലപ്പുറം ജില്ല.</u>**

31-ാമത് ദേശീയ റോഡ് സുരക്ഷ വാരാചരണം 2020 ജനുവരി 11 മുതൽ 17 വരെ വിവിധ പരിപാടികൾ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലയിൽ നടത്തിയതിന്റെ വിശദമായ റിപ്പോർട്ട് യോഗത്തിൽ മലപ്പുറം എൻഫോഴ്സ്മെൻറിന്റെ

ആർ.ടി.ഒ. ശ്രീ. ടി.ജി. ഗോകുൽ അവതരിപ്പിച്ചു. ദേശീയ റോഡ് സുരക്ഷ വാരാചരണ പരിപാടികൾക്കായി കേരള റോഡ് സുരക്ഷ അതോറിറ്റിയിൽ നിന്നും അനുവദിച്ചിട്ടുള്ള 2 ലക്ഷം രൂപ വിനിയോഗിക്കുന്നതിനായി എല്ലാ ജോയിൻറ് ആർ.ടി.ഒ മാരിൽനിന്നും വാരാചരണ പരിപാടികൾക്കായി ചിലവഴിച്ച തുകയുടെ വിശദവിവരങ്ങൾ ബിൽ/ വൗച്ചർ സഹിതം സമർപ്പിക്കുവാൻ തീരുമാനിച്ചു.
(നടപടി –ആർ.ടി.ഒ മലപ്പുറം)

**2.മലപ്പുറം ജില്ലയിലെ വിവിധ റോഡുകളിൽ നിലനിൽക്കുന്ന അപകട സാധ്യതകളെകുറിച്ച് എൻഫോഴ്സ്മെൻറ് ഉദ്യോഗസ്ഥർ തയ്യാറാക്കിയ റിപ്പോർട്ട് അവലോകനം.**

മലപ്പുറം ജില്ലയിലെ വിവിധ റോഡുകളിൽ നിലനിൽക്കുന്ന അപകടസാധ്യതയെക്കുറിച്ച് എൻഫോഴ്സ്മെൻറ് സ്ക്വാഡ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് എൻഫോഴ്സ്മെൻറ് ആർ.ടി.ഒ ശ്രീ.ടി.ജി.ഗോകുൽ അവതരിപ്പിച്ചു. മലപ്പുറം–കോഴിക്കോട് റൂട്ടിലെ വള്ളുവമ്പ്രം പ്രദേശത്തെ സുരക്ഷ ഇല്ലാത്ത തരത്തിലുള്ള ഗതാഗത സംവിധാനം പുന :ക്രമീകരിക്കുന്നതിനുള്ള പരിഹാരമാർഗ്ഗം യോഗം ചർച്ച ചെയ്തു . വള്ളുവമ്പ്രം റോഡിലെ ഗതാഗതം പരിഷ്കരിക്കുന്നതിന് പി.ഡബ്ള്യൂ.ഡി യോട് ഒരു വിശദമായ റിപ്പോർട്ട് തയ്യാറാക്കുവാനും, ആയത് ജില്ലാ ട്രാഫിക് റഗുലേറ്ററി യോഗത്തിൽ അവതരിപ്പിക്കുവാനും തീരുമാനിച്ചു. എൻ.എച്ച്. 66 കോഴിച്ചെന– കക്കാട്– ഭാഗത്ത് സ്ഥാപിച്ചിട്ടുള്ള ലൈൻ സെപ്രെറ്റേർസ്, റിഫ്ളക്റ്ററുകൾ ഇല്ലാത്തത് അപകട സാധ്യത വർദ്ധിപ്പിക്കുന്നുവെന്ന് മലപ്പുറം ആർ.ടി. അറിയിച്ചു.
( നടപടി –ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ)

**3.സ്കൂൾകുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നത് സംബന്ധിച്ച അവലോകനം**

സ്കൂൾ കുട്ടികളെ കൊണ്ട് പോകുന്ന വാഹനങ്ങളുടെ സുരക്ഷയെ കുറിച്ച് യോഗത്തിൽ സജീവ ചർച്ച നടന്നു . ഈയിടെ നടന്ന അപകടത്തിന്റെ അടിസ്ഥാനത്തിൽ കേരള മോട്ടോർ വാഹനനിയമം 154 (എ) യിൽ സ്കൂൾ കുട്ടികളെ വഹിച്ച് കൊണ്ട് പോകുന്ന വാഹനങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ ആർ .ടി.ഒ എൻഫോഴ്സ്മെൻറ് വായിച്ച് കേൾപ്പിക്കുകയും കുട്ടിലങ്ങാടിയിൽ അടുത്തിടെ നടന്ന അപകടത്തിൽ വാഹനത്തിൽ റഡാർ അറ്റൻറ് ഇല്ലാത്ത അവസ്ഥയായിരുന്നു എന്നും ഇത് സംബന്ധിച്ച് നടന്ന ചർച്ചയിൽ നിന്നും സ്കൂൾ പ്രിൻസിപ്പൽ പി .ടി.എ അംഗം, ട്രാൻസ്പോർട്ട് നോഡൽ ആഫീസർ എന്നിവർക്കായി കുട്ടികളുടെ സുരക്ഷിതയാത്ര സംബന്ധിച്ച വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ ഒരു ബോധവത്കരണ പരിപാടി അടുത്ത അധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.
(നടപടി –ആർ.ടി.ഒ മലപ്പുറം)

**4.പെരിന്തൽമണ്ണ പുലാമന്തോൾ റൂട്ടിലെ ഫെയർ സ്റ്റേജ് അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച് പുലാമന്തോൾ വിവരാവകാശ കൂട്ടായ്മ നൽകിയ നിവേദനത്തിനുമേൽ ചർച്ച**

പെരിന്തൽമണ്ണ പുലാമന്തോൾ റൂട്ടിലെ ഫെയർ സ്റ്റേജ് അപാകത പരിഹരിക്കുന്നത് സംബന്ധിച്ച ചർച്ചയിൽ ഈ വിഷയം ബഹു . കോടതിയുടെ

പരിഗണനയിൽ സ്റ്റേ നിലനിൽക്കുന്നതായി ആർ.ടി.ഒ ശ്രീ. അനൂപ് വർക്കി അറിയിച്ചു.
(നടപടി –ആർ.ടി.ഒ മലപ്പുറം)

**<u>5.തിരൂരങ്ങാടി മുൻസിപ്പാലിറ്റിയിലെ 13–ാം വാർഡിലെ അമ്പലം റോഡിലെ അപകടം കുറയ്ക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച്</u>**

തിരൂരങ്ങാടി മുൻസിപ്പാലിറ്റിയിലെ ആറാം വാർഡിലെ അപകട സാധ്യത കൂടിയ അമ്പലം റോഡിലെ സുരക്ഷ സംബന്ധിച്ച പൊതുമരമാമത്ത് വകുപ്പിനോട് വിശദമായ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ തീരുമാനിച്ചു.
(നടപടി –തിരൂരങ്ങാടി മുൻസിപ്പാലിറ്റി)

**<u>6.മലപ്പുറം ജില്ലയിലൂടെ കടന്നുപോകുന്ന എൻ.എച്ച് 66 ൽ ജനകീയ പങ്കാളിത്തത്തോട്ടുകൂടി ഒരു റോഡ് സുരക്ഷ മൊബൈൽ അപ്ലിക്കേഷൻ വികസിപ്പിക്കുന്നത് സംബന്ധിച്ച്</u>**

മലപ്പുറം ജില്ലയിലൂടെ കടന്നുപോകുന്ന നാഷണൽ ഹൈവേ 66 ൽ ജനകീയ പങ്കാളിത്തത്തോട്ടുകൂടി ഒരു റോഡ് സുരക്ഷ മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനെ കുറിച്ച് യോഗം ചർച്ച ചെയ്തു . അപകടം ഉണ്ടായാൽ ഉടനടി പ്രതികരിക്കുന്നതിനായി ജില്ലയിലെ ആശുപത്രികൾ, പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ, മോട്ടോർ വാഹനവകുപ്പ്, റോഡ് സുരക്ഷ വളണ്ടിയർ, ആമ്പുലൻസ്, ക്രെയിൻ തുടങ്ങിയ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഈ ആപ്പ് മുഖാന്തിരം പൊതുജനങ്ങൾക്ക് നൽകാവുന്നതാണ്. മേൽപറയുന്ന ആപ്പ് വികസിപ്പിക്കുവാൻ ഐ .ടി.വിദ്യാർത്ഥികൾക്ക് (എഞ്ചിനീയറിംഗ് വിദ്യാർത്ഥി, പുതിയ സംരഭകരെ ) അവസരം നൽകാമെന്ന് ജില്ലാകളക്ടർ അഭിപ്രായപ്പെട്ടു.
(നടപടി –ആർ.ടി.ഒ എൻഫോഴ്സ്മെൻറ് മലപ്പുറം)
7)<u>കോട്ടക്കൽ CPI(M) ലോക്കൽ കമ്മറ്റി സമർപ്പിച്ച പരാതി</u>

കോട്ടക്കൽ ഇന്ത്യനൂർ റോഡിലെ അപകടങ്ങൾ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട പരാതി യോഗത്തിൽ ചർച്ച ചെയ്യുകയും ആയത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു.(നടപടി–ജി സെക്ഷൻ സൂപ്രണ്ട്)
8)<u>കോട്ടക്കൽ CPI(M) ഏരിയ കമ്മറ്റി സമർപ്പിച്ച പരാതികൾ</u>

a)കോട്ടക്കൽ ഇന്ത്യനൂർ റോഡിൽ കോട്ടപ്പടി കഴിഞ്ഞാലുള്ള വളവ് നിവർത്തുന്നതുമായി ബന്ധപ്പെട്ട പരാതി ചർച്ച ചെയ്യുകയും ആയത് പരിശോധിക്കുന്നതിന് വേണ്ടി പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെയും റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസറെയും ചുമതലപ്പെടുത്തി(നടപടി–ജി സെക്ഷൻ സൂപ്രണ്ട്).

**b)**എടരിക്കോട് തിരൂർ റോഡിൽ ജി.യു.പി സ്കൂൾ പരിസരം മുതൽ മദ്രസ്സ വരെയുള്ള ഭാഗത്തെ ഗതാഗത കുരുക്ക് കാരണം വിദ്യാർത്ഥികൾക്ക് വഴി നടക്കാനുള്ള ഫൂട്ട് പാത്ത് സൗകര്യം ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ട പരാതി ചർച്ച ചെയ്യുകയും ആയത് പരിശോധിക്കുന്നതിന് വേണ്ടി പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെയും റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസറെയും ചുമതലപ്പെടുത്തി(നടപടി–ജി സെക്ഷൻ സൂപ്രണ്ട്).

**9.സേഫ് കേരള പദ്ധതിയുടെ അവലോകനം**

സേഫ് കേരള പദ്ധതിയുടെ ഒരു വർഷം കഴിഞ്ഞ സാഹചര്യത്തിൽ ഈ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങളുടെ ഒരു അവലോകനം പവ്വർ പോയിൻറ് പ്രസന്റേഷൻ മുഖാന്തിരം അവതരിപ്പിച്ചു. സേഫ് കേരളയുടെ വാർഷിക റിപ്പോർട്ട് മാർച്ച് മാസത്തെ കൗൺസിൽ യോഗത്തിൽ പ്രസ്സ് കോൺഫറൻസ് മുമ്പാകെ അവതരിപ്പിക്കുവാനും ജില്ലാ കളക്ടർ ആവശ്യപ്പെട്ടു.
(നടപടി –ആർ.ടി.ഒ എൻഫോഴ്സ്മെൻറ് മലപ്പുറം)

**10. മറ്റിനങ്ങൾ**

യോഗത്തിൽ ചർച്ച ചെയ്ത മറ്റിനങ്ങളിൽ കുട്ടികൾ വാഹനമോടിക്കുന്നത് നിയന്ത്രിക്കുന്നതിനായി നവമാധ്യമങ്ങൾ മുഖാന്തിരം ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കാമെന്നും ഇതു കൂടാതെ സ്കൂൾ തലങ്ങളിൽ ജുവനൈൽ പ്രോബേഷനറി ഓഫീസർമാരുടെ സഹായത്താൽ ഇത്തരക്കാർക്ക് കൗൺസിലിംഗ് നൽകാമെന്നും തീരുമാനിച്ചു.

ജില്ലയിലെ പലയിടങ്ങളിൽ യാത്രക്കാർക്കായി ഒരുക്കിയിരിക്കുന്ന കാത്തിരിപ്പകേന്ദ്രങ്ങൾ തികച്ചും അശാസ്ത്രീയമായ രീതിയിലാണ് നിർമ്മിച്ചിരിക്കുന്നതെന്നും ഇതിനാൽ റോഡപകടങ്ങൾ ഉണ്ടാകാനുള്ള സാധ്യത ഏറെയാണെന്നും യോഗത്തിൽ പ്രധാന ചർച്ച വിഷയമായി. അതിനു തീരുമാനമെന്നോണം ഇനിമുതൽ ഇത്തരത്തിലുള്ള കാത്തിരിപ്പകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനു മുന്നോടിയായി പൊതുമരാമത്ത്, പോലീസ്, മോട്ടോർവാഹനം, തദ്ദേശസ്വയംഭരണം, നാഷണൽ ഹൈവേ അതോറിറ്റി എന്നീ വകുപ്പുകളുടെ സംയുക്തമായ അംഗീകാരം നേടേണ്ടതുണ്ട്.ഇക്കാര്യം അടുത്ത ആർ.ടി.എ. കൗൺസിൽ യോഗത്തിൽ തീരുമാനം കൈക്കൊള്ളാമെന്ന് ബഹു. ജില്ലാ കളക്ടർ അഭിപ്രായപ്പെട്ടു.അടുത്ത ജില്ല റോഡ് സുരക്ഷാ കൗൺസിൽ യോഗം 25/03/2020 ന് നടത്താമെന്നും ബഹു. ജില്ലാ കളക്ടർ അറിയിച്ചു.

യോഗം 12.00 മണിക്ക് അവസാനിച്ചു

ചെയർമാൻ, ജില്ലാ റോഡ് സുരക്ഷ കൗൺസിൽ &
ജില്ലാ കളക്ടർ, മലപ്പുറം

സ്വീകർത്താവ്: പങ്കെടുത്ത എല്ലാവർക്കും

Signature Not Verified

Digitally signed by JAFAR MALIK IAS
Date: 2020.03.04 21:21:06 IST
Reason: Approved